# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം



ടി.കെ.എം. ഹയർ സെക്കന്ററി സ്കൂൾ,
കരിക്കോട്

കൊല്ലം ജില്ല.

# സമർപ്പണം

സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയുടെ രണ്ടാം ഘട്ടപ്രവർത്തനത്തിന്റെ ഭാഗമായി വരും വർഷങ്ങളിൽ ടി.കെ.എം.ഹയർ സെക്കന്ററി സ്കൂളിന്റെ വികസനത്തിനുവേണ്ടി ചിട്ടപ്പെടുത്തിയ ഭൗതീകവും അക്കാഡമികവും സാമൂഹികവുമായ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ മാസ്റ്റർ പ്ലാൻ രക്ഷാകർത്താക്കളുടേയും ജനപ്രതിനിധികളുടേയും പൊതുജനങ്ങളുടേയും മുമ്പാകെ സമർപ്പിക്കുന്നു.

## ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങളിലൂടെ നടന്ന കാര്യങ്ങൾ
6. നിലവിലുള്ള അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ

## 1. ആമുഖം

കൊറ്റങ്കര പഞ്ചായത്തിലെ ടി.കെ.എം ഹയർ സെക്കന്ററി സ്കൂളിനെ എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമാക്കിമാറ്റിയെടുക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതാണ് സമഗ്രവിദ്യാലയ വികസനരേഖ. പൊതുവിദ്യാഭ്യാസ കരുത്ത് ആർജ്ജിക്കുന്നതിനായി നടപ്പാക്കിവരുന്ന സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയുടെ രണ്ടാം ഘട്ടമായിട്ടാണ് നാം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ കാണുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തോളം നാം പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ അക്കാദമികവും ഭൗതീകവും സാമൂഹികവുമായ നേട്ടങ്ങളെ നിലനിർത്തി ഭാവിയുടെ സാംസ്കാരിക കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയത്തേയും മാറ്റിയെടുക്കുന്നതിന് നമുക്ക് ഈ യജ്ഞത്തിൽ പങ്കാളിയാകേണ്ടതുണ്ട്. വരും തലമുറയ്ക്ക് നാം നൽകുന്ന ഏറ്റവും വലിയ സംഭാവനയായി ഈ പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട്.

നാടിന്റെ, വിദ്യാലയത്തിന്റെ, വിദ്യാർത്ഥിയുടെ സമസ്ത മേഖലയേയും സ്പർശിച്ചുകൊണ്ടുള്ള സംരക്ഷണ യജ്ഞമാണ് നാം ലക്ഷ്യമിടുന്നത്. വിഷയ സംബന്ധമാ.യ മികവ്, മാനവികത, അവസരങ്ങളൊരുക്കൽ, അവയിലെ പങ്കാളിത്തം തുടങ്ങിയവയെല്ലാം ഉറപ്പുവരുത്തി എല്ലാ ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികളെയും വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികളെയും പരിഗണിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന ഈ മഹാസംരഭത്തിൽ നാം ഓരോരുത്തരും പങ്കാളിയാകേണ്ടതുണ്ട്. ഇതിന്റെ വിജയത്തിനായി ടി.കെ.എം. ഹയർസെക്കന്ററി സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രമായിമാറ്റുന്നതിന് നമുക്കൊരിമിച്ച് കൈകോർക്കാം.

## 2. ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും.
- മാതൃഭാഷാ നിലവാരം ഉയർത്തൽ
- എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ലഭ്യത
- വായനയെ പ്രോത്സാഹിപ്പിക്കൽ
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്
- ആനുകാലിക അറിവുകൾ വർദ്ധിപ്പിക്കുക.
- അമ്മ വായനയിലൂടെ കുട്ടിയുടെ വായന, അറിവ് വളർത്തൽ
- ഭാഷാ വികസനത്തിലൂടെ സാമൂഹിക ഉന്നതി നേടുന്നതിന്
- സാഹിത്യ വാസനമെച്ചപ്പെടുത്തുന്നതിന്
- കൃതികളെയും സാഹിത്യകാരന്മാരേയും ആഴത്തിൽ അറിയുന്നതിന്
- രചനാതന്ത്രങ്ങൾ മാനസിലാക്കുന്നതിന്
- സർഗശേഷി വികസിപ്പിക്കുന്നതിന്
- മാധ്യമങ്ങളെ അടുത്തറിയൽ
- മലയാള ഭാഷയുടെ വികസനം
- സാഹത്യശാഖകൾ പരിചയപ്പെടൽ
- വായനാ അനുഭവം പങ്കുവയ്ക്കൽ
- കണ്ടുംകേട്ടും അനുഭവിച്ചും പഠിയ്ക്കൽ
- സഹവാസക്യാമ്പുകളിലൂടെ സംഘപഠനം ഒരുക്കൽ
- കുട്ടികളുടെ രചനകൾ പൊതുസാമൂഹവുമായി പങ്കുവയ്ക്കൽ
- വായനാസാമഗ്രികളുടെ നിർമ്മാണം, ശേഖരണം
- ആവിഷ്കാര സ്വാതന്ത്ര്യത്തിനായി ബാലസഭകളെ മാറ്റൽ
- ഭിന്നശേഷിക്കാരെ എഴുത്തും വായനയിലേയ്ക്കും നയിക്കൽ
- ദിനങ്ങളുടെ പ്രാധാന്യം മനസിലാക്കൽ
- കുട്ടികളുടെ സംഗീത നിലവാരം ഉയർത്തൽ
- എല്ലാകുട്ടികൾക്കും സംഗീതം അഭ്യസിക്കാനും സഭാകമ്പം ഇല്ലാതെ അവതരിപ്പിക്കാനുള്ള കഴിവ വളർത്തൽ
- ഉപകരണ സംഗീതാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തൽ
- നിത്യജീവിതത്തെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ പ്രാപ്തനാക്കുന്നതിന്.
- പരസ്ഥിതി സൗഹൃദമനോഭാവം വളർത്തുന്നതിന്
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുന്നതിന്
- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുന്നതിന്
- വ്യക്തി ശുചിത്വം, സമൂഹശുചിത്വം പലിക്കുന്നതിന്

- ശാസ്ത്രം സ്വായത്തമാക്കുന്നതിനും പ്രയോഗിക്കുന്നതിനും
- ഉപകരണങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന്
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുന്നതിന്
- മാനവികസതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തൽ
- ശാസ്ത്രീയ അറിവുകളെ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാൻ കഴിയുക
- ഐ.സി.റ്റി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക
- എല്ലാകുട്ടികളിലും ഗണിതത്തിൽ അടിസ്ഥാനശേഷി വികസിപ്പിക്കുക
- കളികളിലൂടെ ഗണിതത്തിൽ താൽപ്പര്യം വളർത്തൽ
- ഗണിതഭാഷ പരിചയപ്പെടുത്തൽ
- ദൃശ്യഗണിതത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുക
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നതിന്
- പരിമിതികൾ തരണം ചെയ്യുന്നതിനും അനുഭവങ്ങളിൽ നിന്നും പഠിക്കുന്നതിനും പ്രാപ്തരാക്കുക
- ഗണിത ആശയങ്ങൾ ലളിതമായി മനസിലാക്കുന്നതിന്
- ഭൂപടങ്ങൾ ചിത്രങ്ങൾ, ദേശീയ ചിഹ്നങ്ങൾ, പ്രതിമകൾ എന്നിവയെക്കുറിച്ച് അറിയുന്നതിന്
- ഇന്റർനെറ്റ് കൈകാര്യം ചെയ്യുന്നനുള്ള കഴിവ് വർദ്ധിപ്പിക്കൽ
- അവതരണങ്ങൾ പൊതുസമൂഹവുമായി ബന്ധപ്പെടുത്താൻ ബ്ലോഗുകളുടെ നിർമ്മാണം
- ഡിജിറ്റൽ, ഗ്ലോബുകൾ സ്ഥാപിക്കൽ
- പുരാതന, ആധുനിക ഉപകരണങ്ങൾ പരിചരയപ്പെടൽ
- കാഴ്ചകളിലൂടെ പഠനം ലഘൂകരിക്കൽ
- ശാസ്ത്ര പ്രതിഭകളെ ആദരിക്കൽ
- ഇംഗ്ലീഷ്, ഹിന്ദി, തുടങ്ങിയ മറ്റുഭാഷകൾ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിക്കുന്നതിന്
  - സ്വയംതൊഴിൽ പരിശീലനം
  - സാമൂഹിക നന്മപ്രോത്സാഹിപ്പിക്കൽ
  - നാടൻകലകളുടെ പ്രോതക്സാഹനം

6. നിലവിലുളള അവസ്ഥ വിശകലനം

അക്കാദമികം

| ഇനങ്ങൾ | നിലവിലുളളത് | നേടേണ്ടത് | നേടിയത് |
|---|---|---|---|
| ക്ലാസ് ലൈബ്രറി | 15 | 9 | 15 |
| സ്കൂൾ ലൈബ്രറി | 1 | 1 | 1 |
| ഇ.ലൈബ്രറി | -- | 2 | -- |
| ഇംഗ്ലീഷ് ലാബ് | -- | -- | -- |
| ഭാഷാ ലാബ് | -- | -- | -- |
| ഗണിത ലാബ് | 1 | മെച്ചപ്പെടുത്തൽ | 1 |
| ജൈവ വൈവിധ്യ പാർക്ക് | -- | 1 | -- |
| പച്ചക്കറിത്തോട്ടം | 1 | 1 | 1 |
| ബ്ലോഗ് | -- | 1 | -- |
| ഐ.റ്റി പരിശീലനം | ഉണ്ട് | ഇനിയും ആവ്യമുണ്ട് | -- |
| ഗവേഷണ പ്രവർത്തനങ്ങൾ | / | / | -- |
| വിവിധ ശിൽപശാലകൾ | / | / | -- |
| കലാകായികം | / | ആവശ്യമുണ്ട് | -- |
| പാതം, പതിപ്പുകൾ | പാതം | ശാസ്ത്ര,ഗണിത മാസികൾ ആവശ്യമുണ്ട് | പാതം |
| പ്രവൃത്തി പരിചയം | / | ശാക്തീകരണം | / |
| ക്ലാസ്സ് പി.റ്റി.എ | വർഷത്തിൽ 3 | മെച്ചപ്പെടുത്തൽ | 3 |
| ശാസ്ത്ര ലാബ് | 1 | 1 | 1 |
| ഹെൽത്ത് റൂം | -- | ആവശ്യമുണ്ട് | -- |
| നാടക കളരി | -- | മെച്ചപ്പെടുത്തൽ | -- |
| പോഷകാഹാര വിതരണം | ഉണ്ട് | മെച്ചപ്പെടുത്തൽ | ഉണ്ട് |
| മൂല്യനിർണ്ണയം | ഉണ്ട് | | / |

ഭൗതികം

| ഇനങ്ങൾ | നിലവിലുളളത് | നേടേണ്ടത് | നേടിയത് |
|---|---|---|---|
| ചുറ്റുമതിൽ ഗേറ്റ് | ഉണ്ട് | -- | / |
| കളിസ്ഥലം | ഉണ്ട് | മെച്ചപ്പെടുത്തൽ | / |
| ക്ലാസ് മുറികൾ | ഉണ്ട് | ഹൈടെക് | സ്മാർട്ട് ക്ലാസ് റൂം 12 |

| | | | |
|---|---|---|---|
| ഓഫീസ് റൂം | ഉണ്ട് | നവീകരണം | / |
| സ്റ്റാഫ് റൂം | 4 | നവീകരണം | / |
| കമ്പ്യൂട്ടർ റൂം | 1 | നവീകരണം | 1 |
| ലൈബ്രറി | 1 | 1 | 1 |
| ലബോട്ടറി | 1 | നവീകരണം | 1 |
| മൾട്ടിമീഡിയ | / | / | / |
| ഓഡിറ്റോറിയം | 1 | / | / |
| അസംബ്ലി ഹാൾ | -- | 1 | -- |
| അടുക്കള | 1 | നവീകരണം | 1 |
| കുടിവെള്ള വിതരണം | ഉണ്ട് | നവീകരണം | / |
| ടോയ്‌ലറ്റ് | ഉണ്ട് | നവീകരണം | / |
| മാലിന്യസംസ്ക്കരണം | ഉണ്ട് | മെച്ചപ്പെടുത്തൽ | / |
| ഡൈനിംഗ് ഹാൾ | ഉണ്ട് | നവീകരണം | / |
| പ്രാക്ടീസ് റൂം | -- | 1 | -- |
| തീയേറ്റർ | -- | ആവശ്യമുണ്ട് | -- |
| വിവിധ വിഷയത്തിനുള്ള ലാബ് | സയൻസ് ലാബ് | വിവിധ വിഷയങ്ങൾക്കും ഭാഷാ ലാബ് | സയൻസ് ലാബ് |
| ഇ-ടോയ്‌ലറ്റ് | ഇല്ല | | -- |

7. <u>മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ</u>

1. കുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന പഠനാന്തരീക്ഷം ഭൗതിക സാഹചര്യം എന്നിവ ഒരുക്കൽ
2. അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ മോണിറ്ററിംഗ്
3. ലൈബ്രറികൾ വികസിപ്പിക്കൽ
4. ലബോറട്ടികൾ നവീകരിക്കൽ
5. സ്റ്റാഫ് റൂം ഒരു റിസോഴ്സ് റൂം ആക്കി മാറ്റൽ
6. പാഠ്യപദ്ധതിയിലെ പുതിയ തന്ത്രങ്ങൾ
7. മലയാളം,ഇംഗ്ലീഷ്, ഹിന്ദി,അറബ് ഭാഷാമികവ്

8. സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രദർശനങ്ങൾ സംഘടിപ്പിക്കൽ
9. വിവിധ ക്ലബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കൽ
10. സാമൂഹിക പിന്തുണ ഉറപ്പാക്കൽ
11. പരിസ്ഥിതി സൗഹാർദം
12. സർഗാത്മകത പ്രോത്സാഹിപ്പിക്കൽ
13. സഹവാസ ക്യാമ്പുകൾ
14. വിവിധ സ്കോളർഷിപ്പുകൾ
15. ഐ.ഇ.ഡി പ്രത്യേക പരിശീലനം
16. പ്രാദേശിക വിഭവങ്ങൾ കണ്ടെത്തൽ, രൂപപ്പെടുത്തൽ കുട്ടികളുടെ വികസനത്തിനായി ഉപയോഗിക്കൽക്ക
17. ഔഷധ, പച്ചക്കറി, ഫലവൃക്ഷ, തണൽമര, പൂന്തോട്ട നിർമ്മാണം.
18. വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം
19. കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ
20. സമൂഹ പങ്കാളിത്തത്തോടെ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
21. സ്മാർട്ട് ക്ലാസ് റൂമുകൾ
22. വിവിധ ഏജൻസികളുടെ അക്കാദമി പിന്തുണ ഉറപ്പാക്കൽ
23. വിവിധ ഭാഷാ അസംബ്ലികൾ
24. ക്ലാസ് മുറികൾ പഠനാനുഭവം കൊണ്ട് നിറയ്ക്കൽ
25. ബയോഗ്യാസ് പ്ലാന്റ്
26. ഇ-ടോയലറ്റുകൾ
27. കുടിവെള്ള വിതരണത്തിന് ഫിൽട്ടറുകൾ സ്ഥാപിക്കൽ
28. സ്വയം തൊഴിൽ പരിശീലനം, വേസ്റ്റ് മെറ്റീലിയൽസ് ഉപയോഗിച്ചുള്ള പ്രദർശന വസ്തുക്കൾ നിർമ്മാണം.

29. പ്ലാസ്റ്റിക് നിർമ്മാർജ്ജനം
30. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്
31. ഭിന്നശേഷിക്കാരെ പ്രത്യേകം പരിശീലിപ്പിക്കൽ
32. കരാട്ടേ, യോഗ പരിശീലനം
33. ഉച്ചഭക്ഷണം, മെച്ചപ്പെടുത്തൽ
34. സ്കൂൾ ബ്ലോഗ് നിർമ്മാണം
35. വിവിധപാതങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ശാസ്ത്രമാസികകൾ
36. ഫീൽഡ് ട്രിപ്പുകൾ
37. കൗൺസലിംഗ് ക്ലാസ്സുകൾ (വിദ്യാർത്ഥികൾക്കും രക്ഷിതാവിനും)
38. ദിനാചരണങ്ങൾ
39. സ്കൂൾ കലണ്ടർ, സ്കൂൾ പത്രം തയ്യാറാക്കൽ
40. പഠനോപകരണം നിർമ്മാണ കളരി
41. സംഗീത, നൃത്ത ശിൽപങ്ങൾ
42. കലാജാഥകൾ
43. വായനാക്കൂട്ടം, എഴുത്തുകൂട്ടം
44. നാടൻ കലകളുടെ പഠനം
45. വായനോത്സവങ്ങൾ
46. അദ്ധ്യാപക പരിശീലനങ്ങൾ
47. പഠനോത്സവങ്ങൾ
48. ഓഡിയോ വിഷ്വൽ ലാബ്
49. ക്ലാസ് ലൈബ്രറികൾക്കാവശ്യമായ കോർണർ ഷെൽഫുകൾ
50. മഴവെള്ളം സംഭരണി

8. <u>പദ്ധതി വിശദാംശങ്ങൾ</u>

മേഖല - അക്കാദമികം

ഉപമേഖല - മലയാള ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാവർക്കും എഴുത്തും വായനയും- മാതൃഭാഷാ നിലവാരം ഉയർത്തൽ | പ്രീ ടെസ്റ്റ് നടത്തുന്നു പിന്നോക്കക്കാരെ കണ്ടെത്തുന്നു. | ജൂൺ | HM SRG | 25,000 |
| | പരിമിതികൾ പരിഹരിക്കുന്നതിനുളള പ്രവർത്തന പാക്കേജ് തയ്യാറുക്കുന്നു. | ജൂൺ | HM SRG | |
| | അക്ഷരങ്ങൾ ഉറപ്പിക്കൽ, വാക്കുകൾ രൂപീകരിക്കൽ, | ജൂൺ - ആഗസ്റ്റ് | അദ്ധ്യാപകർ | |
| | വായനാ കാർക്ക് തയ്യാറാക്കൽ, വാക്യങ്ങൾ രൂപീകരിക്കൽ | ജൂൺ - മാർച്ച് | അദ്ധ്യാപകർ | |
| 2. ക്ലാസ് ലൈബ്രറി | ക്ലാസ് ലൈബ്രറി തയ്യാറാക്കൽ | ജൂൺ | എച്ച്.എം അദ്ധ്യാപകർ | 50,000/- |
| | പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | HM, SRG | |
| | പുസ്തകം വാങ്ങൽ ശേഖരിക്കൽ | ജൂലൈ | എച്ച്.എം | |
| | പുസ്തകം ക്രമീകരിക്കൽ | സെപ്റ്റംബർ | അദ്ധ്യാപകർ | |
| | പഠന ഭാഗമായി പുസ്തകം ഉപയോഗിക്കൽ | ജൂൺ- മാർച്ച് | അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. പാത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ | എല്ലാ ക്ലാസിലും പാത്രവും ആനുകാലിക പ്രസിദ്ധീകരണങ്ങളും എത്തിക്കൽ | ജൂൺ- മാർച്ച് | എച്ച്.എം അദ്ധ്യാപകർ പി.റ്റി.എ | 15,000/- |
| | വായനാകുറിപ്പ് തയ്യാറാക്കൽ | ജൂൺ- മാർച്ച് | അദ്ധ്യാപകർ | |
| | വാർത്ത തയ്യാറാക്കൽ അവതരണം | ജൂൺ- മാർച്ച് | | |
| 4. വായനാക്കൂട്ടം എഴുത്തുകൂട്ടം | കുട്ടികളുടെ ശ്രൂഷാക്കുന്നു. പുസ്തകങ്ങൾ നൽകുന്നു | ആഗസ്റ്റ്- മാർച്ച് | അദ്ധ്യാപകർ | 2000/- |
| | വായനാക്കുറിപ്പ്, ആസ്വാദനകുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ്- മാർച്ച് | | |
| 5. സാഹിത്യ സദസ് | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുക്കാരെ സ്കൂളിലേക്ക് ക്ഷണിക്കൽ | ഒക്ടോബർ- മാർച്ച് | എച്ച്.എം | 3000/- |
| | അഭിമുഖചോദ്യാവലി തയ്യാറാക്കൽ വായിക്കാനവസരം | ഒക്ടോബർ- മാർച്ച് | എസ്. ആർ.ജി | |
| | സാഹിത്യകാരന്മാരുടെ കൃതികൾ വായിക്കാനവസരം | ആഗസ്റ്റ്- മാർച്ച് | അദ്ധ്യാപകർ | |
| | സാഹിത്യകാരന്മാരുമായി അനുഭവം പങ്കിടൽ കുട്ടികളുടെ പ്രകടനങ്ങൾ | ഒക്ടോബർ- മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. വിദ്യാരംഗം കലാ സാഹിത്യ വേദി | ക്ലബ് രൂപീകരണം | ജൂൺ- | അദ്ധ്യാപകർ | 5,000/- |
| | ഉത്ഘാടനം, പ്രവർത്തനാസൂത്രണം | ജൂൺ- ഡിസംബർ | അദ്ധ്യാപകർ | |
| | ദിനാചരണങ്ങൾ പതിപ്പുകൾ, പുസ്തക പ്രസിദ്ധീകരണം | ജൂൺ- മാർച്ച് | | |
| | പതിപ്പുകൾ പ്രകാശനം ചെയ്യൽ | ജനുവരി | | |
| 7. കഥയരങ്ങ്, കവിയരങ്ങ് | കഥയരങ്ങ്, കവിയരങ്ങ് സംഘടിപ്പിക്കുന്നു. | ജൂൺ- മാർച്ച് | എച്ച്.എം | 5000/- |
| | സൃഷ്ടികൾ തയ്യാറാക്കൽ മികച്ചവ കണ്ടെത്തൽ | ജൂൺ- മാർച്ച് | അദ്ധ്യാപകർ | |
| | സ്കൂളിലെ പൊതുപരിപാടികളിൽ അവതരിപ്പിക്കുവാനുളള അവസരം | ആഗസ്റ്റ്-മാർച്ച് | പി.റ്റി.എ | |
| | കൃതികൾ പുസ്തകങ്ങളാക്കൽ | ആഗസ്റ്റ്-മാർച്ച് | അദ്ധ്യാപകർ | |
| 8. ചർച്ചയ്ക്കൊരവസരം | പുസ്തക ചർച്ച സംഘടിപ്പിക്കൽ | ജൂൺ- ആഗസ്റ്റ് | എച്ച്.എം | 3000 |
| | രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ, പൊതുസമൂഹത്തിൽ നിന്നും പങ്കാളിത്തം | ജൂൺ- ആഗസ്റ്റ് | എസ്. ആർ.ജി | |
| | പുസ്തകങ്ങൾ പരിചയപ്പെടുത്തൽ | ഒക്ടോബർ- ജനുവരി | വിദ്യാരംഗം ക്ലബ് | |
| | സംവാദം | ജനുവരി | അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 9. പഠന യാത്രകൾ സഹവാസ ക്യാമ്പുകൾ | പഠനയാത്ര സംഘടിപ്പിക്കാനുതകുന്ന സ്ഥലങ്ങൾ തിരഞ്ഞെടുക്കൽ<br>പഠനയാത്ര സംഘടിപ്പിക്കൽ<br>സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ<br>വിശിഷ്ടാതിഥികളെ തെരഞ്ഞെടുക്കൽ<br>കഴിവുകൾ പ്രദർശിപ്പിക്കൽ | ജൂലൈ<br>വർഷത്തിൽ 2 തവണ<br>അവധി ദിവസങ്ങളിൽ | എച്ച്.എം<br>എച്ച്.എം എസ്.ആർ.ജി<br>എച്ച്.എം എസ്.ആർ.ജി<br>എച്ച്.എം<br>അദ്ധ്യാപകർ | 5,000/- |
| 10. മലയാള പഠനം ലാബിലൂടെ | ലാബിനാവശ്യമായ മുറി സംഘടിപ്പിക്കൽ<br>ആവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്യൽ<br>സാമഗ്രികൾ വാങ്ങൽ<br>ഇരുന്നു വായിക്കുന്നതിനും എഴുതുന്നതിനുമുള്ള സൗകര്യങ്ങൾ | ജൂലൈ | എസ്.ആർ.ജി<br>പി.റ്റി.എ<br>എച്ച്.എം | 75,000/- |
| 11. ഭാഷോത്സവം | പഠന പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ രചനാ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ<br>ഓരോ യൂണിറ്റിലേയും സർഗാത്മക രചനാ സാധ്യതകൾ ലിസ്റ്റ് ചെയ്യുന്നു. ക്ലാസ് മുറികളിൽ പ്രാവർത്തികമാകുന്നു. ഇവ മാഗസീനാക്കിമാറ്റുന്നു<br>അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു | അദ്ധ്യാപകർ | അദ്ധ്യാപകർ | 10,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 12. ബാല സഭകൾ | രചനകളുടെ അവതരണ മികവുകൾ, പോരായ്മ കൾ എന്നിവ വിലയി രുത്തി ചിട്ടപ്പെടുത്തുന്നു<br><br>സർഗ്ഗവേളകൾക്കും ബാല സഭയ്ക്കും മുൻകൂട്ടി അജണ്ട നിശ്ചയിക്കുന്നു നടത്തിപ്പു ചുമതല പൂർണ്ണമായും കുട്ടികൾക്ക് നൽകുന്നു | ജൂൺ-മാർച്ച്<br><br>ജനുവരി | വിദ്യാരംഗം സാഹിത്യ ക്ലബ്<br><br>എച്ച്.എം അദ്ധ്യാപകർ | 10,000/- |
| 13. ഭാഷാ പ്രോജക്ടു കൾക്ക് അവസരം | ഭാഷയെ ആഴത്തിൽ അറിയുന്നു<br>പ്രോജക്ടിനു വിഷയം നൽകുന്നു<br><br>വിവര ശേഖരണം പ്രബന്ധം അവതരിപ്പി ക്കൽ<br>റിപ്പോർട്ട് തയ്യാറാക്കൽ | ഒക്ടോബർ ഫെബ്രുവരി | അദ്ധ്യാപകർ | 5,000/- |
| 14. ഭാഷാ പഠനം ഇന്റർനെറ്റി ലൂടെ | വിക്കിപീഡിയ പരിചയപ്പെ ടുത്തുന്നു.<br>ഇന്റർനെറ്റിൽ നിന്നും വിവരങ്ങൾ ശേഖരി ക്കുന്നു<br>കഥ,കവിത, നോവൽ എന്നിവ കൂടുതൽ വായന നേടുന്നു | ജൂൺ - മാർച്ച് | അദ്ധ്യാപകർ | 1,00,000/- |
| 15.നാടിനെ അറിയൽ | സമീപ ഗ്രന്ഥശാലയിൽ അംഗത്വം എടുക്കൽ പുസ്തകം, എടുക്കൽ, വായനാകുറിപ്പ്, തയ്യാറാ ക്കൽ | അവധി ദിവസ ങ്ങൾ | എച്ച്.എം പി.റ്റി.എ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 16. ദിനാചരണങ്ങൾ | പ്രധാനപ്പെട്ട ദിനാചണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വിവിധ പ്രോഗ്രാമുകൾ മത്സരങ്ങൾ, സംഘടിപ്പിക്കുന്നു. വിജയികൾക്ക് അനുമോദനം നൽകുന്നു | ജൂൺ-മാർച്ച് | വിദ്യാരംഗം സാഹിത്യ ക്ലബ് | 5,000/- |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുത്തും വായനയും | പ്രീടെസ്റ്റ് നടത്തുന്നു. പഠന പിന്നോക്കക്കാരെ കണ്ടെത്തുന്നു. | ജൂൺ | എച്ച്.എം എസ്.ആർ.ജി | 10,000/- |
| | പഠന പ്രവർത്തനങ്ങൾക്കുള്ള മൊഡ്യൂൾ തയ്യാറാക്കുന്നു | ജൂൺ 2-ാം വാരം | അദ്ധ്യാപകൻ | |
| | അക്ഷരം, വാക്ക്, വാക്യം എന്നീ ക്രമത്തിൽ പഠന പ്രവർത്തനം മെച്ചപ്പെടുത്തൽ | ജൂൺ- മാർച്ച് | അദ്ധ്യാപകൻ | |
| 2. ഇംഗ്ലീഷ് ന്യൂസ് പേപ്പർ, മാഗസീൻ | പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ വാർത്തകൾ വായനയും തയ്യാറാക്കലും | ജൂൺ-മാർച്ച് | അദ്ധ്യാപകർ | 10,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3.ഗ്രൂപ്പടിസ്ഥാന ത്തിൽ വായന മെച്ചപ്പെടുത്തൽ | ക്ലാസ്സ് ലൈബ്രറിയിൽ നിന്നും പുസ്തകം ഗ്രൂപ്പ് തലത്തിൽ വിതരണം ചെയ്യുന്നു.<br>വായനാകുറിപ്പ് തയ്യാറാ ക്കൽ ഗ്രൂപ്പിൽ പരസ്പരം പങ്കുവയ്ക്കുന്നു. വിലയി രുത്തൽ നടത്തി മെച്ചപ്പെ ടുത്തലുകൾക്കൾക്ക് അവ സരം നൽകുന്നു | ജൂൺ- മാർച്ച് | എസ്.ആർ.ജി അദ്ധ്യാപകർ | 20,000/- |
| 4. ലാംഗ്വേജ് ലാബ് ഉപയോഗ പ്പെടുത്തൽ | ലാംഗ്വേജ് ലാബ് രൂപീകരി ക്കുന്നു.<br>ലാബിന്റെ സഹായ ത്തോടെ ഭാഷാ പ്രയോഗശേഷി വളർത്തൽ | ജൂലൈ ഡിസംബർ | അദ്ധ്യാപകർ | 50,000/- |
| 5. സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ | വിവിധ ക്ലാസുകളായി തിരിച്ച് സഹവാസ ക്യാമ്പുകൾ സംഘടിപ്പി ക്കുന്നു.<br>ഇംഗ്ലീഷിൽ വിവിധ പരി പാടികൾ സംഘടിപ്പിക്കു ന്നു.<br>വിശിഷ്ടാതിഥികളെ ക്ഷണിക്കൽ<br>കഴിവുകൾ പ്രദർശിപ്പി ക്കൽ | ഒക്ടോബർ | എച്ച്.എം പി.റ്റി.എ | 15,000/- |
| 6. ചർച്ചകൾ സംവാദങ്ങൾ | പാഠഭാഗങ്ങളുമായി ബന്ധ പ്പെട്ട് ചർച്ച, സംവാദം, സെമിനാർ, സംഘടിപ്പിക്കു ന്നു.<br>വിവിധ സ്രോതസുകളു മായി ബന്ധപ്പെട്ട വിവ രണം നടത്തുന്നു. ചിട്ട യോടെ ക്രമീകരിക്കുന്നു | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ക്ലബ്<br>അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 7. വിനോദ യാത്ര സംഘടി പ്പിക്കൽ | വിനോദയാത്ര സംഘടിപ്പി ക്കുന്നു.<br>സർഗാത്മക സൃഷ്ടികൾ അവതരിപ്പിക്കുന്നു | നവംബർ | എച്ച്.എം<br>അദ്ധ്യാപകർ<br>പി.റ്റി.എ | 20,000/- |
| 8. ക്ലാസ് ലൈബ്രറി പ്രയോജനപ്പെ ടുത്തൽ | ക്ലാസ് ലൈബ്രറിയുടെ ഭാഗമായി ഇംഗ്ലീഷ് കോണർ രൂപീകരിക്കൽ പുസ്തകങ്ങൾ ലിസ്റ്റു ചെയ്യുന്നു.<br>പുസ്തകങ്ങൾ വാങ്ങലും ക്രമീകരിക്കലും | ജൂൺ-ജൂലൈ | എച്.എം<br>എസ്.ആർ.ജി<br>ഇംഗ്ലീഷ് ക്ലബം ഗങ്ങൾ | 20,000/- |
| 9.ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ | അസംബ്ലി ഇംഗ്ലീഷ് മാധ്യ കയിൽ തയ്യാറാക്കുന്നു<br>അവതരണം മെച്ചപ്പെടു ത്തൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു.<br>ഇംഗ്ലീഷ് ഭാഷ കൈകാ ര്യം ചെയ്യാനുളള ശേഷി വർദ്ധിപ്പിക്കൽ | മാസത്തിൽ 2 തവണ | അദ്ധ്യാപകൻ<br>എസ്.ആർ.ജി | |

മേഖല - അക്കാദമികം

ഉപമേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ലളിതമാക്കാം ഹിന്ദി പഠനം | പ്രീടെസ്റ്റ് നടത്തുന്നു. കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ | എച്ച്.എം എസ്.ആർ.ജി | 5000/- |
| | പരിഹാരത്തിലുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | ജൂൺ - ജൂലൈ | അദ്ധ്യാപകർ | |
| | അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | ജൂൺ- മാർച്ച് | | |
| 2. ക്ലാസ്സ് ലൈബ്രറി - ഹിന്ദി കോർണർ | ഹിന്ദി കോർണർ രൂപീകരിക്കാനാവശ്യമായ ഇടം കണ്ടെത്തുന്നു. | ആഗസ്റ്റ് | എച്ച്.എം പി.റ്റി.എ | 20,000/- |
| | പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | | അദ്ധ്യാപകൻ | |
| | പുസ്തകം വാങ്ങൽ ശേഖരിക്കൽ, ക്രമീകരിക്കൽ | | | |
| | വായനയ്ക്കുള്ള സമയം കണ്ടെത്തൽ | ആഗസ്റ്റ്- മാർച്ച് | ക്ലബുകൾ അദ്ധ്യാപകർ | |
| 3. ഹിന്ദി അസംബ്ലി സംഘടിപ്പിക്കൽ | കുട്ടികളെ ഗ്രൂപ്പിൽ അസംബ്ലിക്കുവേണ്ടി തയ്യാറാക്കൽ ഹിന്ദിയുമായി ബന്ധപ്പെട്ട ഒരു ഭാഷാപരിപാടി അവതരണം ഹിന്ദി വാർത്താ അവതരണം | ജൂൺ - മാർച്ച് | അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ഹിന്ദി ഭാഷാ ലാബ് | ലാബിനാവശ്യമായ മുറി സംഘടിപ്പിക്കൽ<br>ആവശ്യമുള്ള സാമഗ്രി ലിസ്റ്റ് ചെയ്യൽ<br>സാമഗ്രികൾ വാങ്ങൽ<br>കുട്ടികൾക്ക് പ്രയോജന പ്പെടുത്താനുള്ള സൗക ര്യം ഒരുക്കൽ | ജൂലൈ<br>ആഗസ്റ്റ് - മാർച്ച് | എച്ച്.എം<br>പി.റ്റി.എ | 10,00,000/- |
| 5.ഹിന്ദി പത്രം | എല്ലാ ക്ലാസുകളിലും ഹിന്ദി പത്രം ലഭ്യമാക്കൽ<br>പത്രങ്ങളിൽ നിന്നും ഹിന്ദി ഭാഷാ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>വാർത്തകൾ അസംബ്ലി യിൽ അവതരിപ്പിക്കുക | ജൂലൈ<br>ജൂലൈ - മാർച്ച് | എച്ച്.എം<br>പി.റ്റി.എ | 15,000/- |
| 6.സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ | ഹിന്ദി സാഹിത്യകാരന്മാർ, കവികൾ തുടങ്ങിയവരെ ക്യാമ്പിൽ സംഘടിപ്പി ക്കുക. വായന എഴുത്ത് തുടങ്ങിയ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന പരി പാടികൾ ആസൂത്രണം ചെയ്യുക.<br>കുട്ടികളുടെ രചനാ ഉത്പ ന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കൽ, പ്രസിദ്ധീ കരിക്കൽ | ഒക്ടോബർ | എച്ച്.എം<br>പി.റ്റി.എ<br>എസ്.ആർ.ജി<br>ക്ലബംഗങ്ങൾ | 25,000/- |
| 7. ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെ ടുത്തുക | പാഠഭാഗങ്ങളിലെ ICT സാധ്യത കണ്ടെത്തുന്നു.<br>കമ്പ്യൂട്ടർ സഹായ ത്തോടെ സ്രോതസുകൾ കണ്ടെത്തുന്നു.<br>ഹിന്ദി പഠനം രസകര മാക്കി കുട്ടികളിൽ താത് പര്യം വർദ്ധിപ്പിക്കുന്നു | എച്ച്.എം<br>അദ്ധ്യാപകർ | എച്ച്.എം<br>അദ്ധ്യാപകർ | 20,000/- |

മേഖല - അക്കാദമികം

ഉപമേഖല - അറബി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അറബ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും ശേഷി വർദ്ധി ക്കൽ | പ്രീ ടെസ്റ്റ് നടത്തുന്നു. പരിമിതികൾ തിരിച്ചറി യുന്നു<br>പരിഹാരത്തിനുളള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ ഉറപ്പിക്കാനു ളള പ്രവർത്തനങ്ങൾ | ജൂൺ<br>ജൂലൈ<br>ജൂൺ- മാർച്ച് | എച്ച്.എം<br>അറബിക് ടീച്ചർ | 6,000/- |
| 2. ക്ലാസ് ലൈബ്രറി | ക്ലാസ് ലൈബ്രറിയിൽ അറബിക് കോർണർ രൂപീകരിക്കൽ<br>പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>പുസ്തകം വാങ്ങൽ, ക്രമീ കരിക്കൽ<br>പഠന പ്രവർത്തനത്തോ ടൊപ്പം പുസ്തകങ്ങൾ ഉപയോഗിക്കൽ | ജൂലൈ<br>ജൂലൈ<br>ജൂലൈ സെപ്റ്റംബർ<br>ജൂൺ-മാർച്ച് | എച്ച്.എം എസ്.ആർ.ജി<br>അറബിക് ടീച്ചർ<br>എച്ച്.എം ക്ലബംഗങ്ങൾ | 20,000/- |
| 3. അറബി ഭാഷാ ലാബ് | അറബിക് ഭാഷാ ലാബിന് മുറി കണ്ടെത്തൽ<br>സാമഗ്രികൾ ലിസ്റ്റ് ചെയ്യൽ വാങ്ങൽ<br>ഫർണിച്ചറുകൾ സംഘടി പ്പിക്കൽ<br>കുട്ടികൾക്ക് ഉപയോഗത്തി നുളള അവസരം ഉറപ്പി ക്കൽ<br>ഭാഷാലാബിന്റെ സഹായ ത്തോടെ വായനയെ പ്രോത്സാഹിപ്പിക്കൽ | ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ- മാർച്ച്<br>ആഗസ്റ്റ്- മാർച്ച് | എച്ച്.എം<br>എസ്.ആർ.ജി അറബിക് ടീച്ചർ<br>ക്ലബംഗങ്ങൾ<br>അറബിക് ടീച്ചർ | 25,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4.സർഗശേഷി പ്രോത്സാഹിപ്പിക്കൽ | കഥാ രചന, കവിതാരചന പ്രോത്സാഹിപ്പിക്കൽ<br>ചിത്രകാരന്മാർക്ക് വരയ്ക്കാനവസരം<br>മികച്ച രചനകൾ, ചിത്രങ്ങൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ<br>ഇവ സ്കൂൾ ബ്ലോഗിൽ ഉൾപ്പെടുത്തൽ | ആഗസ്റ്റ് - ഡിസംബർ | അറബിക് ടീച്ചർ<br>എസ്.ആർ.ജി<br>ക്ലബംഗങ്ങൾ | 5,000/- |
| 5. മികവുകളും പരിമിതികളും കണ്ടെത്തൽ | നിരന്തര വിലയിരുത്തൽ ടേം മൂല്യനിർണയം എന്നിവയുടെ അടിസ്ഥാനത്തിൽ<br>പരിമിതികൾക്ക് പരിഹാര മാർഗ്ഗം നടപ്പിലാക്കൽ<br>ദൃശ്യമാധ്യമങ്ങളിലൂടെ ഭാഷാ കേൾക്കാനും കാണുന്നതിനും അവസരം ഒരുക്കൽ | ജൂൺ -മാർച്ച് | അറബിക് ടീച്ചർ<br>അദ്ധ്യാപകൻ | 2,500/- |
| 6. അറബിക് സാഹിത്യോത്സവം | കലോത്സവം സംഘടിപ്പിക്കൽ<br>സ്കൂൾതല മത്സരം നടത്തുന്നു.<br>മികച്ച കുട്ടികളെ കണ്ടെത്തുന്നു.<br>അവർക്ക് പണ്ഡിതരെ ഉപയോഗിച്ച് പരിശീലനം നൽകുന്നു.<br>സബ് ജില്ല, ജില്ല, സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാനാവസരം | ഒക്ടോബർ | എച്ച്.എം<br>പി.റ്റി.എ<br>അദ്ധ്യാപകർ<br>പി.ടി.എ<br>എച്ച്.എം<br>അദ്ധ്യാപകർ | 50,000/- |

മേഖല - അക്കാദമികം

ഉപമേഖല - ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്രമൂല ഒരുക്കൽ | ശാസ്ത്രവുമായി ബന്ധ പ്പെട്ട പുസ്തകങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവ ചരിത്രകുറിപ്പുകൾ തുട ങ്ങിയവ ലിസ്റ്റ് ചെയ്യുന്നു ശാസ്ത്ര മൂലയ്ക്ക് ഒരിടം കണ്ടെത്തുന്നു. വാങ്ങേണ്ട പുസ്തക ങ്ങൾ, ശേഖരിക്കേണ്ടത്, എന്നിങ്ങനെ തരംതിരിക്കു ന്നു. കുട്ടികൾക്ക് പ്രയോജന പ്പെടുത്താനവസരം നൽകൽ | എച്ച്.എം എസ്.ആർ.ജി അദ്ധ്യാപകർ | എച്ച്.എം എസ്.ആർ.ജി അദ്ധ്യാപകർ | 20,000/- |
| 2. പഠനോപക രണ നിർമ്മാണ ശിൽപശാല | പഠനപ്രവർത്തനങ്ങൾ ചിട്ട പ്പെടുത്തുന്നു. പഠനോപകരണ നിർമ്മാണ പ്രവർത്തനങ്ങ ളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉത്പന്നങ്ങൾ പ്രദർശന ത്തിന് അവസരം നൽകുന്നു മികച്ചത് സയൻസ് ലാബിൽ ഉപയോഗപ്പെടു ത്തുന്നു | സയൻസ് ക്ലബംഗങ്ങൾ ശാസ്ത്ര അദ്ധ്യാപകർ | സയൻസ് ക്ലബംഗങ്ങൾ ശാസ്ത്ര അദ്ധ്യാപകർ | 50,000/- |
| 3. ശാസ്ത്രോ ത്സവങ്ങൾ സംഘടിപ്പി ക്കുന്നു | എല്ലാ കുട്ടികൾക്കും സ്വതന്ത്ര മായി പരീക്ഷണം ചെയ്യുന്ന തിനും നിഗമനത്തിൽ എത്തി ചേരുന്നതിനും ഉതകുന്ന തര ത്തിൽ ലാബ് ക്രമീകരിക്കുന്നു. കുട്ടികൾക്ക് പ്രശ്നങ്ങളെ ശാസ്ത്രീയ വിശകലനത്തിനു തകും വിധം പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുന്നു | സെപ്തംബർ | എച്ച്.എം എസ്.ആർ.ജി ശാസ്ത്രോ ധ്യാപകർ | 25,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പി.റ്റി.എ. എസ്.എം.സി ജനപ്രതിനിധികൾ രക്ഷാ കർത്താക്കൾ തുടങ്ങിയ വരെ ഉൾപ്പെടുത്തി സ്കൂൾതലത്തിൽ പ്രദർശനം സംഘടിപ്പി ക്കുന്നു | ഒക്ടോബർ | എച്ച്.എം എസ്.ആർ.ജി അദ്ധ്യാപകർ ക്ലബംഗങ്ങൾ | |
| | മികച്ചത് ശാസ്ത്രമേള കൾക്ക് പങ്കെടുക്കുന്ന തിന് തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നു | ഒക്ടോബർ | അദ്ധ്യാപകർ | |
| 4. ഗവേഷണാത് മക പ്രോജക്ടു കൾ - അവ സരം | പാഠഭാഗത്തുനിന്നും, സമകാലിക പ്രസക്തിയുള ളതുമായ പ്രശ്നങ്ങളെ പ്രോജക്ടിനായി തിരഞ്ഞെടുക്കുന്നു. വിവരശേഖരത്തിന് ആവശ്യമായ ബുക്കുകൾ, സി.ഡികൾ,ഐ.സി.റ്റി സാധ്യത ലിസ്റ്റ് ചെയ്യുന്നു വിവരശേഖരണത്തിനായി ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് - ഡിസംബർ | അദ്ധ്യാപകർ | 2,500/- |
| | പി.റ്റി.എ. എസ്.എം.സി തുടങ്ങിയവരുടെ സാന്നി ദ്ധ്യത്തിൽ തയ്യാറാക്കിയ പ്രോജക്ട് അവതരണ ത്തിന് വേദിയൊരു ക്കുന്നു | ഡിസംബർ | അദ്ധ്യാപകർ | 2,500/- |
| 5.മെഡിക്കൽ ക്യാമ്പ് | മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് ഹെൽത്ത് കാർഡ് വിതരണം നടത്തുന്നു. | ഡിസംബർ | എച്ച്.എം അദ്ധ്യാപകർ | 10,000/- |
| | സ്കൂളിലേക്ക് ആവശ്യ മായ പച്ചക്കറികൾക്കായി പച്ചക്കറിത്തോട്ടം നിർമ്മി ക്കുന്നു | ജൂലൈ | പി.റ്റി.എ എച്ച്.എം | 30,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പോഷകാഹാരത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | എച്ച്.എം അദ്ധ്യാപകർ | 2,500/- |
| 6. സഹവാസ ക്യാമ്പുകൾ, ഫീൽഡ് ട്രിപ്പുകൾ | ശാസ്ത്രാഭിരുചി വളർത്തുന്നതിനുതകുന്ന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വിശിഷ്ട വ്യക്തികളെ പങ്കെടുപ്പിക്കുന്നു. ചോദ്യാവലി തയ്യാറാക്കൽ, അഭിമുഖങ്ങൾ, ഫീൽഡ് ട്രിപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു സെമിനാറുകൾ, ഡിബേറ്റ് പ്രശസ്ത വ്യക്തികളുടെ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു | ഒക്ടോബർ<br>ജനുവരി<br>സെപ്റ്റംബർ-ജനുവരി | എച്ച്.എം പി.റ്റി.എ<br>എച്ച്.എം ക്ലബംഗങ്ങൾ അദ്ധ്യാപകർ | 25,000/- |
| 7.സ്മാർട്ട് ക്ലാസ് റൂം | പ്രയാസം അനുഭവപ്പെടുന്ന പാഠഭാഗങ്ങൾ ലിസ്റ്റ് ചെയ്യുന്നു. എല്ലാ ക്ലാസ് മുറികളിലും പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവ സജ്ജീകരിക്കുന്നു. പാഠഭാഗങ്ങൾ ഐ.സി.റ്റി സാധ്യതയോടെ മെച്ചപ്പെടുത്തൽ ക്ലാസ് മുറികളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നു കുട്ടികൾക്ക് കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനുള്ള അവസരം നൽകുന്നു | ജൂൺ | എച്ച്.എം പി.റ്റി.എ മാനേജർ<br>അദ്ധ്യാപകർ<br>അദ്ധ്യാപകർ | 20,00,000/- |

മേഖല - അക്കാദമികം

ഉപമേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ചരിത്ര രചന ശേഷി വർദ്ധിപ്പിക്കൽ | വിവിധ സ്ഥലങ്ങളുടെ ചരിത്ര പ്രാധാന്യം മനസ്സിലാക്കുന്നതിനു സഹായിക്കുന്ന പുസ്തകങ്ങൾ കണ്ടെത്തുന്നു. വായനയ്ക്ക് അവസരം നൽകുന്നു.<br>ചർച്ചകൾ സംഘടിപ്പിക്കുന്നു<br>പ്രാദേശിക സന്ദർശനങ്ങൾക്കും പ്രാദേശിക ചരിത്ര രചനയ്ക്കും പ്രാധാന്യം നൽകുന്നു | ജൂലൈ - നവംബർ | സാമൂഹ്യ ശാസ്ത്രാദ്ധ്യാപകർ | 10,000/- |
| 2.സാമൂഹ്യ ശാസ്ത്ര പഠനം ശാസ്ത്രവൽക്കരിക്കൽ | സാമൂഹ്യശാസ്ത്ര ലാബിന്റെ ശാക്തീകരണം ആവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു.<br>അവ വാങ്ങുന്നു കുട്ടികൾക്ക് പഠനവേളകളിൽ ഉപയോഗപ്പെടുത്തൽ | ജൂൺ- സെപ്റ്റംബർ | | |
| 3. മൂല്യബോധവും ദേശീയ ബോധവും ശക്തിപ്പെടുത്തൽ | സ്വാതന്ത്ര്യസമര സേനാനികളുടെ ജീവചരിത്രം പരിചയപ്പെടുത്തൽ<br>റിപ്പബ്ലിക്ക് ദിനം, സ്വാതന്ത്ര്യദിനം തുടങ്ങി ദേശീയ ദിനങ്ങൾ കൊണ്ടാടൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സ്വാതന്ത്ര്യ സമരസേനാനികളെ ആദരിക്കൽ | ജൂൺ - മാർച്ച് | എച്ച്.എം അദ്ധ്യാപകർ ക്ലബംഗങ്ങൾ | 10,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ക്ലാസ് മുറികൾ പ്രവർത്തന ക്ഷമവും രസക രവുമാക്കാൻ ഐ.സി.റ്റി | പ്രയാസം അനുഭവപ്പെ ടുന്ന പാഠഭാഗങ്ങൾ ലിസ്റ്റു ചെയ്യൽ<br>പ്രവർത്തനങ്ങൾ ചിട്ടപ്പെ ടുത്തൽ<br>പാഠഭാഗങ്ങൾ ഐ.സി.റ്റി യുടെ സഹായത്തോടെ മെച്ചപ്പെടുത്തൽ<br>ഇന്റർനെറ്റ് കൈകാര്യ ചെയ്യാനുള്ള ശേഷി കൈവരിക്കൽ | ജൂൺ<br><br>ജൂൺ - മാർച്ച്<br><br>ജൂൺ - മാർച്ച് | അദ്ധ്യാപകർ<br><br><br><br>അദ്ധ്യാപകർ | |
| 5. പഴയകാല സംഭവങ്ങൾ, കലാരൂപങ്ങൾ, സാമൂഹ്യപ്രശ്ന ങ്ങൾ തുടങ്ങി യവ പരിചയ പ്പെടൽ | പാഠഭാഗത്തിലുള്ള ചരിത്ര സംഭവങ്ങൾ കണ്ടെത്തൽ<br>സാമൂഹ്യപ്രശ്നങ്ങൾ, ആനുകാലിക സംഭവ ങ്ങൾ എന്നിവ നാടകമാ ക്കൽ<br>നാട്ടിലെ ചെറുതും വലു തുമായ സ്മാരകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, സന്ദർശിക്കൽ<br>സ്കൂളിന്റെ ചരിത്ര നിർമ്മാണം പരിശീലനം | ജൂൺ<br><br>ജൂൺ - മാർച്ച്<br><br>ജൂൺ - മാർച്ച്<br><br>സെപ്റ്റംബർ | അദ്ധ്യാപകർ<br><br><br><br>എച്ച്.എം അദ്ധ്യാപകർ<br><br>ക്ലബംഗങ്ങൾ | 10,000/- |
| 6. പഴയകാല ഉപകരണങ്ങ ളുടെ സംരക്ഷ ണത്തിനായി സാമൂഹ്യ ശാസ്ത്ര മ്യൂസിയം തയ്യാ റാക്കൽ | പുരാവസ്തുക്കൾ, നാണ യങ്ങൾ, വാഹനങ്ങൾ വസ്ത്രങ്ങൾ, പണിയായു ധങ്ങൾ, തുടങ്ങിയവ യുടെ ശേഖരം ക്രമീകരിക്കാനാവശ്യമായ ഇടം ഒരുക്കൽ | ജൂൺ- മാർച്ച് | അദ്ധ്യാപകർ, പൂർവ്വ വിദ്യാർത്ഥി കൾ | 25,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7. പഠനയാത്ര കൾ | ചരിത്രപ്രാധാന്യമുളള സ്ഥലങ്ങൾ, സ്മാരക ങ്ങൾ, മ്യൂസിയം എന്നിവ യുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | അദ്ധ്യാപകർ | |
| | സ്ഥലങ്ങളുടെ പ്രാധാ ന്യത്തെക്കുറിച്ചുളള ചർച്ച | ആഗസ്റ്റ് | ടീച്ചർ ക്ലബംഗങ്ങൾ | 25,000/- |
| | പഠനയാത്രയ്ക്കുളള സജ്ജീകരണം | ജനുവരി | എച്ച്.എം അദ്ധ്യാപകർ പി.റ്റി.എ | |
| | പഠനയാത്രയെ അടിസ്ഥാ നപ്പെടുത്തിയുളള രചന കൾ, യാത്രാവിവരണം തുടങ്ങിയവ തയ്യാറാക്കൽ | ജനുവരി ഫെബ്രുവരി | ക്ലബംഗങ്ങൾ | |
| 8.ദിനാചരണ ങ്ങൾ | പ്രധാനപ്പെട്ട ദിനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. | ജൂൺ | അദ്ധ്യാപകൻ | |
| | ദിനാചരണവുമായി ബന്ധപ്പെട്ട മീറ്റിംഗുകൾ, വിവിധ പ്രവർത്തനങ്ങൾ മത്സരങ്ങൾ ക്രമീകരിക്കൽ വിജയികളെ കണ്ടെത്തൽ പങ്കെടുത്തവർക്ക് പ്രോത്സാഹനം | ജൂൺ- മാർച്ച് | എസ്.ആർ.ജി എച്ച്.എം. | |
| | പ്രഗത്ഭരെക്കൊണ്ട് ക്ലാസ് എടുപ്പിക്കൽ | ഡിസംബർ | എച്ച്.എം എസ്.ആർ.ജി | |
| | ബോധവൽക്കരണ ക്ലാസ് അനുസ്മരണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ- മാർച്ച് | എച്ച്.എം എസ്.ആർ.ജി | |
| | സഹവാസക്യാമ്പുകൾ സംഘടിപ്പിക്കൽ ശാസ്ത്രപ്രതിഭകളെ ക്ഷണിക്കൽ അഭിമുഖം | ഒക്ടോബർ | എച്ച്.എം അദ്ധ്യാപകർ | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഗണിത പഠനത്തിൽ ആത്മവിശ്വാസമുണ്ടാക്കുക, താത്പര്യം വളർത്തൽ | ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ ജീവചരിത്രം, സംഭാവനകൾ ആൽബം, തുടങ്ങിയവ തയ്യാറാക്കൽ<br>ഗണിത ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കുക രസകരമായ ഗണിത പ്രശ്നങ്ങൾ, പത്ര വാർത്തകൾ- ഉൾപ്പെടുത്തുക<br>ഗണിതശാസ്ത്രം കയ്യെഴുത്ത് മാസിക തയ്യാറാക്കൽ ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, ക്വിസ്, സംഖ്യപാറ്റേൺ ജാമിതീയ പാറ്റേൺ തുടങ്ങിയവ നിർമ്മിക്കുക | ജൂൺ - മാർച്ച്<br>ജൂൺ<br>ജൂൺ-മാർച്ച് | ക്ലബംഗങ്ങൾ അദ്ധ്യാപകർ<br>ഗണിത അദ്ധ്യാപകർ<br>അദ്ധ്യാപകർ ക്ലബം അംഗങ്ങൾ | 20,000/- |
| 2. കണക്കിലെ കളികൾ | ഗണിത ലാബ്- മുറി ഒരുക്കൽ ഫർണിചറും ഉപകരണങ്ങളും വാങ്ങൽ<br>ഗണിത കാർഡുകൾ, ചാർട്ടുകൾ, ഗണിത ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ എന്നിവ ലാബിൽ ക്രമീകരിക്കുന്നു<br>പുസ്തകങ്ങൾ, ശാസ്ത്രജ്ഞരുടെ,ജീവചരിത്രങ്ങൾ, സിഡികൾ ഉൾപ്പെടുത്തി ഗണിത ലൈബ്രറി സജ്ജീകരിക്കുന്നു | ജൂൺ<br>ജൂൺ- മാർച്ച്<br>ജൂൺ- മാർച്ച് | എച്ച്.എം പി.റ്റി.എ<br>എച്ച്.എം അദ്ധ്യാപകർ | 50,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. ദൈനംദിന ജീവിത പ്രശ്ന ങ്ങൾ പരിഹരി ക്കുന്നതിന് ഉതകുംവിധം ഗണിതം കൈ കാര്യം ചെയ്യാൻ സജ്ജരാക്കുക | വീടുകളിലെ വരവ് ചിലവ് കണക്കാക്കൽ തൊഴിൽ മേഖലകളുമായി ബന്ധ പ്പെട്ട ഗണിതത്തിന്റെ പ്രയോഗങ്ങൾ മനസ്സിലാ ക്കുന്നു. | അക്കാദമിക വരഷം | അദ്ധ്യാപകർ | |
| | നികുതി, പലിശ തുട ങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ച, പഠന ക്ലാസുകൾ<br>എന്റെ ഗണിതാനുഭവം പതിപ്പ് തയ്യാറാക്കൽ<br>ഗണിത പഠനം കൊണ്ട് സാധ്യമായ നേട്ടങ്ങളും ഗണിത പഠനം കാര്യക്ഷമ മല്ലാത്തതുകൊണ്ടുണ്ടായ കോട്ടങ്ങളും ചർച്ച | ജൂൺ- മാർച്ച് | അദ്ധ്യാപകർ ക്ലബംഗങ്ങൾ | |
| 4. ഗണിതത്തെ ക്ലാസ്റൂം വിരസതകളിൽ നിന്ന് പുറത്തേക്ക് കുട്ടികൊണ്ടു വരുന്നു | ഗണിതമൂലയുടെ സഹാ യത്തോടെ ഗണിതവു മായി ബന്ധപ്പെട്ട അടി സ്ഥാന ക്രിയകൾ ഉറപ്പി ക്കുന്നതിന് | ജൂൺ- മാർച്ച് | അദ്ധ്യാപകർ | 10,000/- |
| | ഗണിതമേളകൾ, ഗണിത ലാബ് സജ്ജീകരണം, ഗണിത കിറ്റ് തയ്യാറാ ക്കൽ തുടങ്ങിയ പ്രവർത്ത നങ്ങളിൽ എല്ലാ കുട്ടി കൾക്കും അവസരം | ജൂൺ - ഒക്ടോബർ | അദ്ധ്യാപകർ | 10,000/- |
| 5. ഗണിതോ ത്സവം | പ്രോഗ്രാം നിശ്ചയിക്കൽ കുട്ടികളുടെ കഴിവ് പ്രകടിപ്പിക്കൽ | നവംബർ | അദ്ധ്യാപകർ | |
| | മികച്ച രചനകൾ, തയ്യാറാ ക്കൽ | ജനുവരി | ക്ലബംഗങ്ങൾ | |

മേഖല - അക്കാദമികം

ഉപമേഖല - കലാകായിക പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളുടെ കലാപരമായ കഴിവ് കണ്ടെത്തുക, വികസിപ്പിക്കുക | നൃത്തം, സംഗീതം, അഭിനയം, തുടങ്ങിയ മേഖലകളിൽ താത്പര്യമുളള കുട്ടികളെ കണ്ടെത്തുന്നു. | ആഗസ്റ്റ് - ജനുവരി | എച്ച്.എം എസ്.ആർ.ജി പി.റ്റി.എ | 1,00,000/- |
| | രചനാമത്സരങ്ങൾ, സർഗവാസനകൾ കണ്ടെത്തി ശേഷിയുളള കുട്ടികളെ പ്രാപ്തരാക്കുന്നു. സംഗീത ഉപകരണങ്ങളെ പരിചരയപ്പെടുത്തൽ, നാടകം തയ്യാറാക്കി അവതരണം, നൃത്താവിഷ്ക്കാരം തുടങ്ങിയവ സംഘടിപ്പിക്കൽ | ജൂലൈ- മാർച്ച് | എച്ച്.എം അദ്ധ്യാപകർ | 2,00,000/- |
| 2. വിദ്യാർത്ഥികളുടെ മാനസിക ശാരീരിക വികാസത്തിന് ഉചിതമായ തരത്തിലുളള പരിശീലനം നൽകൽ | വിവിധ കായികോപകരണങ്ങൾ ഉപയോഗപ്പെടുത്തൽ | ജൂൺ - മാർച്ച് | എച്ച്.എം | 2,00,000/- |
| | കുട്ടികളുടെ തനത് ശേഷി കണ്ടെത്തി കായികമേളകൾക്ക് പരിശീലിപ്പിക്കൽ യോഗ, കരട്ടെ ക്ലാസ് സംഘടിപ്പിക്കൽ | അക്കാദമിക വർഷം | | |
| | സ്പോർട്സ് ക്ലബിന്റെ നേതൃത്വത്തിൽ മാസ്ഡ്രിൽ പരിശീലിപ്പിക്കൽ, ലഹരിവിരുദ്ധറാറി, ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | | | |

മേഖല - അക്കാദമികം

ഉപമേഖല - സ്കൂൾ ബ്ലോഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിലെ മികവാർന്ന പ്രവർത്തനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്, രക്ഷിതാക്കളും, പൊതുസമൂഹവുമായി പങ്കുവയ്ക്കുന്നതിന് | വിദ്യാലയത്തിലെ മികവാർന്ന പ്രവർത്തനങ്ങൾ ക്രമീകരിക്കൽ വിവിധ പഠന പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ശിൽപശാലകൾ തുടങ്ങിയവയുടെ ഉത്പന്നങ്ങൾ ഡോക്യുമെന്റ് ചെയ്ത് കുറിപ്പോടുകൂടി പ്രസിദ്ധീകരിക്കുക<br>കുട്ടികളുടെ കഥാ, കവിതാ, ചിത്ര രചന, നൃത്താവിഷ്കാരങ്ങൾ പ്രസിദ്ധീകരിക്കൽ | ജൂൺ- മാർച്ച്<br>ജൂൺ - മാർച്ച് | എച്ച്.എം എസ്.ഐ.റ്റി.സി<br>എച്ച്.എം എസ്.ഐ.റ്റി.സി അദ്ധ്യാപകർ | 3,00,000/- |

മേഖല - അക്കാദമികം

ഉപമേഖല - സ്മാർട്ട് ക്ലാസ് റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ തരവും മികച്ചത്. കുട്ടികളിൽ പഠനാഭിമുഖ്യം വളർത്തുന്ന ക്ലാസ് റൂം സംവിധാനം ഒരുക്കൽ | ക്ലാസ് റൂമുകൾ സ്മാർട്ട് & ഡിജിറ്റൽ ആക്കൽ<br>കമ്പ്യൂട്ടർ, പ്രൊജക്ടർ എന്നിവ സ്ഥാപിക്കൽ<br>ക്ലാസ് റൂം ശിശു സൗഹൃദമാക്കൽ | 2 വർഷത്തിനകം | എച്ച്.എം പി.റ്റി.എ. മാനേജ്മെന്റ് | 40,00,000/- |

മേഖല - ഭൗതികം

ഉപമേഖല - സ്റ്റാഫ് റൂം ഒരു റിസോഴ്സ് റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിഷയത്തിൽ ആശയ സമ്പുഷ്ടത ഉറപ്പാക്കൽ ക്ലാസ്റൂം പ്രവർത്തനത്തിനാവശ്യമായ സാമഗ്രി ഒരുക്കുക | ഇന്റർനെറ്റ് സ്ഥാപിക്കൽ<br>ഫോട്ടോകോപ്പി, പ്രിന്റർ തുടങ്ങിയവ സ്ഥാപിക്കൽ | 2 വർഷത്തിനകം | എച്ച്.എം<br>പി.റ്റി.എ | 10,00,000/- |

മേഖല - ഭൗതികം

ഉപമേഖല - ലബോറട്ടറി നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനാധിഷ്ഠിത പഠനം ഉറപ്പാക്കുക | പ്രൊജക്ടർ സ്ഥാപിക്കൽ മുഴുവൻ കുട്ടികൾക്കും പ്രവർത്തനത്തിലേർപ്പെടാൻ സൗകര്യം ഒരുക്കൽ ഷെൽഫുകൾ, സാമഗ്രികൾ ഉപകരണങ്ങൾ വാങ്ങൽ | 1 വർഷത്തിനകം | എച്ച്.എം<br>പി.റ്റി.എ | 10,00,000/- |

മേഖല - ഭൗതികം

ഉപമേഖല - ആകർഷകമായ വിദ്യാലയ പരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആകർഷകമായ വിദ്യാലയ പരിസരം | പൂന്തോട്ട നിർമ്മാണം<br>സൈൻബോർഡ് സ്ഥാപിക്കൽ<br>അക്വേറിയം, ഹാഗിംഗ് ഗാർഡൻ<br>ജൈവപന്തൽ വളർത്തൽ | | എച്ച്.എം<br>പി.റ്റി.എ | 2,00,000/- |

മേഖല - ഭൗതികം

ഉപമേഖല - Adapted Physical Facilities

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ട സഹായം ഒരുക്കൽ | Ramp and raid unit നിർമ്മാണം<br>ടോയ്‌ലറ്റ് നിർമ്മാണം | | എച്ച്.എം മാനേജർ | 2,00,000/- |

മേഖല - ഭൗതികം

ഉപമേഖല - നാളേക്കായി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജല സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ ഊർജ്ജ പ്രസിസന്ധി പരിഹരിക്കൽ | ജലസംരക്ഷണ മാർഗ്ഗങ്ങൾ കണ്ടെത്തൽ, നടപ്പിലാക്കൽ<br>മഴവെള്ള സംഭരണി നിർമ്മാണം<br>ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | | | 2,00,000/- |

മേഖല - ഭൗതികം

ഉപമേഖല - വർക്ക്ഷോപ്പ് റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവൃത്തി പരിചയമേള, തനത് നിർമ്മാണ പ്രവർത്തനങ്ങൾ പരിശീലനം | വീതി കൂടിയ മേശകൾ സ്ഥാപിക്കൽ<br>ഡെമോൺസ്ട്രേഷൻ ടേബിൾ സ്ഥാപിക്കൽ | | എച്ച്.എം പൂർവ്വ വിദ്യാർത്ഥികൾ | 50,000/- |

മേഖല - ഭൗതികം

ഉപമേഖല - റെസ്റ്റ് റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികൾക്ക് വിശ്രമ സ്ഥലം ഒരുക്കൽ | ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികൾക്ക് റെസ്റ്റ് ചെയ്യാൻ ബെഡുകൾ സ്ഥാപിക്കൽ First aid kit വാങ്ങൽ മേശ,കസേര, സൗകര്യം ഒരുക്കൽ | | എച്ച്.എം പ്രിൻസിപ്പൽ | 5,00,000/- |

മേഖല - ഭൗതികം

ഉപമേഖല - പോഷകാഹാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച പോഷാകാഹാരം നൽകി ശാരീരികാരോഗ്യം മെച്ചപ്പെടുത്തി പഠനം സാധ്യമാക്കുക | പ്രവർത്തനങ്ങൾ ആഹാര സാധനങ്ങൾ, പാത്രങ്ങൾ തുടങ്ങിയവ സൂക്ഷിച്ചു വയ്ക്കുവാനുള്ള അലമാര വാങ്ങുന്നു. അടുക്കളയോട് ചേർന്ന് സ്റ്റോർ റൂം സ്ഥാപിക്കൽ | | എച്ച്.എം അദ്ധ്യാപകർ | 5,00,000/- |

മേഖല - ഭൗതികം

ഉപമേഖല - ജൈവ വൈവിധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവ വൈവിധ്യ പാർക്ക് | സ്കൂളിൽ നിലവിലുള്ള സസ്യലതാദികൾ ലിസ്റ്റ് ചെയ്യുന്നു. | | എച്ച്.എം അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സൈൻ ബോർഡുകൾ സ്ഥാപിക്കുന്നു<br>പാർക്കിൽ ഉൾപ്പെടു ത്തേണ്ട സസ്യങ്ങളേയും ജീവികളേയും കുട്ടിക ളുടെ പങ്കാളിത്തത്തോടെ ഉദ്യാനം നിർമ്മിക്കുന്നു.<br>പക്ഷി നിരീക്ഷണത്തിനു ള്ള അവസരം ഒരുക്കുന്നു | | | 5,00,000/- |

## മേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ക്ലാസ് പി.റ്റി.എ കുട്ടിക ളുടെ പഠന ത്തിൽ രക്ഷിതാ വിന്റെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക | വർഷാരംഭത്തിൽ ആദ്യ ക്ലാസ് പി.റ്റി.എ നോട്ടീസ് നൽകി വിളിക്കുക.<br>ഓരോ മാസത്തേയും പഠന നേട്ടങ്ങൾ സംബന്ധിച്ച് കുറിപ്പ് നൽകുന്നു<br>യൂണിറ്റ് ടെസ്റ്റിനെ തുടർന്നുള്ള ക്ലാസ് പി.റ്റി.എ യിൽ പഠന നിലവാരം വിശകലനം ചെയ്യുന്നു.<br>രക്ഷിതാവിന്റെ അഭിപ്രായം തേടൽ<br>നൽകേണ്ട പിന്തുണ സംബന്ധിച്ച് നിർദ്ദേശം നൽകൽ | ജൂൺ<br>മാസംതോറും | എച്ച്.എം<br>എസ്.ആർ.ജി<br>അദ്ധ്യാപകർ<br>എച്ച്.എം<br>അദ്ധ്യാപകർ<br>എച്ച്.എം<br>അദ്ധ്യാപകർ | 25,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. രക്ഷിതാവിനും പഠിക്കാം രക്ഷാകർത്താവിന് കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ | കൗമാര പ്രായത്തിലുള്ള കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അവരുടെ പ്രശ്നങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാൻ ഉതകുന്ന തരത്തിൽ രക്ഷിതാക്കളെ സജ്ജരാക്കുന്നു | വർഷംതോറും | എച്ച്.എം അദ്ധ്യാപകർ | 50,000/- |
| 3. പൂർവ്വ വിദ്യാർത്ഥി സംഘടന വിദ്യാലയ പ്രവർത്തനങ്ങളിലും ഭൗതിക സൗകര്യമൊരുക്കുന്നതിലും സംഘടനയുടെ ഇടപെടൽ | സ്കൂൾ പ്രവൃത്തി സമയത്തിനുശേഷം ക്ലാസുകൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുതകുന്ന തരത്തിൽ ചർച്ച<br><br>ക്വിസ് സംവാദം തുടങ്ങിയ പ്രവർത്തനങ്ങൾ വിഷയാധിഷ്ഠിതമായി നൽകുന്നു. എല്ലാകുട്ടികൾക്കും പ്രവർത്തനത്തിൽ തുല്യ പങ്കാളിത്തം ഉറപ്പാക്കുന്നു. കുട്ടികളുടെ പൊതിവിജ്ഞാനം വർദ്ധിപ്പിക്കൽ പൊതു പരീക്ഷകളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാകുന്നതിന് പ്രയോജന പ്രദമായ ക്ലാസ്സുകൾ സംഘടിപ്പിക്കൽ | ജൂൺ- മാർച്ച്<br><br>അവധി ദിവസങ്ങളിൽ | എച്ച്.എം എസ്.ആർ.എം<br><br>എച്ച്.എം അദ്ധ്യാപകർ | 10,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. എം.പി.റ്റി.എ കുട്ടികളുടെ വൈകാരിക മാന സിക ശാരീരികാരോഗ്യം മെച്ചപ്പെടുത്തുന്ന തിന് | ക്ലാസ് പി.റ്റി.എ യുടെ അറിയിപ്പ് നൽകൽ. സ്കൂളിനകത്തും പുറത്തും കുട്ടികൾക്കു ണ്ടാകാവുന്ന പ്രശ്നങ്ങൾ രക്ഷാ കർത്താവിന് ബോധ്യപ്പെ ടുന്നു കുട്ടികൾക്കാവശ്യമായ മെന്റൽ സ്പോർട്ട് രക്ഷിതാവിൽ നിന്ന് അനിവാര്യം എന്ന് ബോധ്യപ്പെടുത്തൽ കുട്ടികളുടെ പഠന, പഠനേ തര വിഷയങ്ങളിൽ സമ യോചിതമായി ഇടപെടൽ സജ്ജരാക്കൽ വാർഷികാഘോഷം, ഘോഷയാത്ര സംഘടിപ്പി ക്കൽ തുടങ്ങിയ പ്രവർത്തങ്ങളിൽ സജീവ പങ്കാളിത്തം | 2 മാസത്തി ലൊരിക്കൽ<br>ജൂൺ - മാർച്ച് | എച്ച്.എം<br>എച്ച്.എം അദ്ധ്യാപകർ | 15,000/- |

## 9. പ്രതീക്ഷിത നേട്ടങ്ങൾ

സമഗ്രവിദ്യാഭ്യാസ വികസന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിൽ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ചുവടെ ലിസ്റ്റ് ചെയ്യുന്നു.

1. മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും.
2. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുളള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്ക് ആക്കും.
3. സമഗ്രഗുണമേന്മാ വിദ്യാലയ ആസൂത്രണം സാധ്യമാക്കും.
4. ക്ലാസ് മുറികൾ സ്മാർട്ടാക്കും
5. വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
6. പ്രത്യേകം പരിഗണനലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും.
7. ആധുനിക സൗകര്യങ്ങളുളള വായനശാല, ലബോറട്ടറി എന്നിവ ഓരോ സ്കൂളിനും ഉണ്ടാകും
8. കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവു വരുത്താനുളള കൗൺസിലിംഗ് സൗകര്യം എല്ലാ സ്കൂളുകളിലും ഉണ്ടാകും.
9. പ്ലാസ്റ്റിക് വിമുക്തവും, കീടനാശിനി വിമുക്തവും, ലഹരി വിമുക്തവുമായ കാമ്പസ് രൂപപ്പെടും.

10 .കുട്ടികളുടെ മികവിന്റെ സമസ്തമേഖലകളുടേയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗപരമായ എല്ലാ കഴിവുകളും വികസിക്കും.

11. കലാ,കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിനു ഗുണമ.യ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കും.

12. കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്,ഹിന്ദി, എന്നീ ഭാഷകൾ അനുഗുണമായ കൈകാര്യം ചെയ്യാൻ കഴിയും.

13. അവസര തുല്യത, സാമൂഹ്യനീതി, ഗുണത, എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കും.

10. <u>ഉപസംഹാരം</u>

സമൂഹം ഒരു വിദ്യാലയത്തിൽ നിന്നും പ്രതീക്ഷിക്കുന്നതും അതിനപ്പുറമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് പൊതു സമൂഹത്തിന്റെ മതിപ്പും വിശ്വാസവും പിന്തുണയും ആർജ്ജിച്ചു കൊണ്ട് മുന്നേറുന്ന പ്രവർത്തനങ്ങളിലൂടെ സമസ്തമേഖലകളിലു മുള്ള വിദ്യാലയ മികവ് ഉറപ്പാക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

****************